# ചന്ദ്രഗ്രഹണം



മലപ്പുറം അമച്ച്വർ
അസ്ട്രോണമേഴ്സ് സൊസൈറ്റി


MAARS

::Malappuram Amateur Astronomers Society::


കേരള ശാസ്ത്ര സാഹിത്യ പരിഷത്
മലപ്പുറം ജില്ല

ചന്ദ്രനിൽ ഭൂമിയുടെ നിഴൽ
പതിക്കുന്നതിനാണ് ചന്ദ്രഗ്രഹണം എന്നു
പറയുന്നത്. ഇത്തരം സന്ദർഭത്തിൽ ഭൂമി,
ചന്ദ്രനും സൂര്യനും ഇടയിലായിരിക്കും.
വെളുത്തവാവ് ദിവസമായിരിക്കും
ചന്ദ്രഗ്രഹണം നടക്കുക. ഭാഗിക
സൂര്യഗ്രഹണമെന്നപോലെ ഭാഗിക
ചന്ദ്രഗ്രഹണവും നടക്കാറുണ്ട്.





ചന്ദ്രൻ
സൂര്യൻ
Penumbra
Umbra
ഭൂമി
Sun
Earth
Moon




Penumbra
Umbra
Orbit of the Earth
Orbit of the Moon
Sun


# Conditions for a Lunar Eclipse





പൂർണ്ണ ചന്ദ്രഗ്രഹണ സമയത്തിൽ ചന്ദ്രനെ മങ്ങിയ ചുവന്ന നിറത്തിൽ കാണാം. ഇതിനു കാരണം ഭൂമിയുടെ അന്തരീക്ഷമാണ്. ഭൂമിയുടെ അന്തരീക്ഷത്തിലൂടെ കടന്നുപോകുന്ന സൂര്യരശ്മികൾ വളഞ്ഞ് ചന്ദ്രനിൽ പതിക്കുന്നു. ഇങ്ങനെ പതിച്ചു തിരിച്ചു വരുന്ന പ്രകാശത്തിന്റെ ഭൂരിഭാഗവും വിസരണം മൂലം ചിതറിപ്പോകുന്നു. ബാക്കിയാവുക ചുവപ്പ് നിറവും മഞ്ഞ നിറവും മാത്രമായിരിക്കും. ഇതു നമ്മുടെ കണ്ണിൽ പതിക്കുമ്പോൾ നമ്മൾ ചന്ദ്രനെ കാണുന്നത് ചുവപ്പ് നിറത്തിലായിരിക്കും. എന്നാൽ പൂർണചന്ദ്രഗ്രഹണ സമയത്തേ അതുകാണാനാകൂ. കാരണം മറ്റുസമയത്ത് ചന്ദ്രപ്രഭയാൽ ഇതുകാണില്ല.




Total Lunar Eclipse
May 16, 2003
View from Earth
1:05 UT
Umbra
Penumbra
View from Moon
Francis Reddy





Total Lunar Eclipse - Bozeman, MT - 02/20/2008

# ചന്ദ്രഗ്രഹണവും നമ്മുടെ ജീവിതവും

☼ വെറും കണ്ണു കൊണ്ട് തന്നെ ചന്ദ്രഗ്രഹണം വീക്ഷിക്കാവുന്നതാണ്.

☼ ചന്ദ്രഗ്രഹണ സമയത്ത് ഭക്ഷണം പാകം ചെയ്യാൻ പാടില്ല, വീട്ടിൽ അടച്ചു മൂടി ഇരിക്കണം എന്ന് പറയുന്നത് അന്ധവിശ്വാസമാണ്.


☼ ചന്ദ്രഗ്രഹണം ദുസ്സൂചനയല്ല, ആകാശത്തെ ഒരു നിഴൽ നാടകം മാത്രമാണ്.

☼ പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് നേടുന്നതിന് മുൻപുള്ള കാലത്തെ വിശ്വാസങ്ങളുമായി ഈ ആധുനിക യുഗത്തിൽ കഴിയുന്നത് ശരിയല്ല.



ആകാശത്തെ മനോഹര നിഴൽ
നാടകമായ ഗ്രഹണത്തെ അറിയുക.
നിരീക്ഷിക്കുക... മറ്റുള്ളവർക്ക് കാണിച്ചു
കൊടുക്കുക. സമൂഹത്തിൽ നിന്നും
അന്ധവിശ്വാസങ്ങളെ ഇല്ലായ്മ ചെയ്യാൻ
നിങ്ങളും പങ്കാളിയാവുക.....




നന്ദി
മലപ്പുറം അമച്ച്വർ
അസ്ട്രോണമേഴ്സ് സൊസൈറ്റി
::Malappuram Amateur Astronomers Society::
MAARS
കേരള ശാസ്ത്ര സാഹിത്യ പരിഷത്
മലപ്പുറം ജില്ല